## സകാത്ത്: ആത്മീയ വളര്‍ച്ചക്ക്, സമ്പത്തിന്റെ ശുദ്ധീകരണത്തിന് - 4

# സകാത്തിന്റെ അവകാശികള്‍

ലേഖനം ● ഡോ. എ.എ ഹലീം

**സകാത്തിന്റെ** അവകാശികള്‍ എട്ട് വിഭാഗങ്ങളാണ്. "ദരിദ്രര്‍, സാധുക്കള്‍, സകാത്ത് പ്രവര്‍ത്തകര്‍, ഹൃദയം ഇണക്കപ്പെടേണ്ടവര്‍, അടിമ മോചനം, കടബാധിതര്‍, ദൈവമര്‍ഗം, വഴിയാത്രക്കാര്‍ എന്നീ വകുപ്പുകള്‍ക്ക് മാത്രമുള്ളതാണ് സകാത്തുകള്‍. ഇത് അല്ലാഹുവിന്റെ നിര്‍ണയമത്രെ. അഭിജ്ഞനും യുക്തിമാനുമാകുന്നു അല്ലാഹു" (*അത്തൗബ* 60).

സകാത്തിന്റെ അവകാശികളായി അല്ലാഹു നിര്‍ണയിച്ച ഈ എട്ടു വിഭാഗങ്ങള്‍ക്കല്ലാതെ അത് വിതരണം ചെയ്യാന്‍ പാടില്ല. സകാത്തിന്റെ അവകാശികളാരൊക്കെയെന്ന കാര്യം അല്ലാഹു നേരിട്ടുതന്നെ നിര്‍ണയിച്ചുവെന്നതും, അക്കാര്യം മുസ്‌ലിം ഭരണാധികാരികളെയോ പണ്ഡിതന്മാരെയോ മറ്റേതെങ്കിലും വിഭാഗത്തെയോ ചുമതലപ്പെടുത്തിയില്ല എന്നതും അത്യന്തം ശ്രദ്ധേയമത്രെ. മനുഷ്യന്റെ സഹജ ദൗര്‍ബല്യങ്ങളായ സ്വാര്‍ഥതയും സങ്കുചിതത്വവും ഇത്തരമൊരവകാശം നിര്‍ണയിക്കുന്നതില്‍ ഒരു നിലക്കും സ്വാധീനിക്കരുതെന്നാണ് അതിന്റെ അര്‍ഥം.

### 1. ദരിദ്രര്‍ 2. സാധുക്കള്‍

ദരിദ്രരും (ഫഖീര്‍) സാധുക്കളും (മിസ്‌കീന്‍) ആരാണെന്ന കാര്യത്തില്‍ പണ്ഡിതന്മാര്‍ക്കിടയില്‍ അഭിപ്രായ വ്യത്യാസമുണ്ട്. അവര്‍ രണ്ടും ഒരേ ഗണത്തില്‍ പെടുന്നവരാണോ അതോ വ്യത്യസ്ത വിഭാഗങ്ങളോ? ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായത്തില്‍, ദരിദ്രനും സാധുവും ഒരേ വര്‍ഗത്തില്‍ പെട്ട രണ്ട് വിഭാഗങ്ങളാണ്. മതിയായ വരുമാനമില്ലാത്തവര്‍ തന്നെയാണ് രണ്ട് കൂട്ടരും. ഇല്ലായ്മ, തിടുക്കം, സകാത്തിന്റെ അര്‍ഹത എന്നീ കാര്യങ്ങളില്‍ ഫഖീറും മിസ്‌കീനും തമ്മില്‍ വ്യത്യാസമില്ല. ഫഖീറുമാരില്‍ ഒരു പ്രത്യേക വിഭാഗമാണ് മിസ്‌കീനെന്നും അവര്‍ അഭിപ്രായപ്പെടുന്നു. മേല്‍ കൊടുത്ത ഖുര്‍ആന്‍ സൂക്തത്തില്‍ ഇരു വിഭാഗത്തെയും പ്രത്യേകമെടുത്ത് പറഞ്ഞുകൊണ്ട് അവര്‍ തമ്മില്‍ എന്തോ അന്തരമുണ്ടെന്ന് മറ്റൊരു വിഭാഗം പണ്ഡിതന്മാരും വാദിക്കുന്നു. "അല്ലാഹു തന്നെ അതില്‍ തീരുമാനമെടുക്കുകയും അങ്ങനെ അത് എട്ടു വകുപ്പായി തിരിക്കുകയും ചെയ്തിരിക്കുന്നു" (അബൂദാവൂദ്) എന്ന നബിവചനം ഈ വീക്ഷണത്തിന് അടിവരയിടുന്നു. ദരിദ്രരും സാധുക്കളും ഒരു വര്‍ഗമാണെന്ന് പറഞ്ഞാല്‍ ഏഴു വിഭാഗമേ ആകൂ, എട്ടെണ്ണമാകുന്നില്ല. ഇങ്ങനെ നിരവധി അഭിപ്രായങ്ങള്‍ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. യാചനയില്‍നിന്ന് അകന്നുനില്‍ക്കുന്നവരും തങ്ങളുടെ യഥാര്‍ഥ നില ജനങ്ങളില്‍നിന്ന് മറച്ചുവെക്കുന്നവരുമായ അഗതികളാണ് മിസ്‌കീനുകളെന്ന് മറ്റൊരു നബിവചനത്തില്‍ വന്നിട്ടുണ്ട്. അതിനാല്‍ മാന്യന്മാരായ അവരെ പ്രത്യേകം പരിഗണിക്കാന്‍ വേണ്ടി അല്ലാഹു ഖുര്‍ആനില്‍ എടുത്തു പറഞ്ഞതാവാം.

### 3. സകാത്ത് ജോലിക്കാര്‍

സകാത്തിന്റെ സംഭരണം, വേര്‍തിരിക്കല്‍, സൂക്ഷിപ്പ്, കണക്കെടുപ്പ്, രജിസ്റ്ററുകള്‍ സൂക്ഷിക്കല്‍, കാവല്‍ നില്‍ക്കല്‍, വിതരണം മുതലായ ജോലികള്‍ നിര്‍വഹിക്കുന്ന ഉദ്യോഗസ്ഥന്മാരും തൊഴിലാളികളുമാണ് സകാത്ത് ജോലിക്കാര്‍. അവരുടെ ശമ്പളവും കൂലിയും സകാത്ത് വിഹിതത്തില്‍ നിന്നാണെടുക്കേണ്ടത്. സകാത്ത് ജോലിക്കാര്‍ക്ക് സ്വീകരിക്കാവുന്ന വിഹിതമെത്ര? ജോലിയുടെ കൂലിയെത്രയാണോ അത്രയും ആകാമെന്നും അവരുടെ വിഹിതം എട്ടില്‍ ഒന്നില്‍ പരിമിതമാണെന്നും അഭിപ്രായങ്ങളുണ്ട്. മുഖ്യ സകാത്ത് ഉദ്യോഗസ്ഥന്മാര്‍ വിശ്വാസികളും വിശ്വസ്തരും സകാത്ത് നിയമങ്ങളെക്കുറിച്ച് അറിവുള്ളവരും ആകണമെന്ന് ഉപാധിയുണ്ട്. എന്നാല്‍ കര്‍മശാസ്ത്ര പരിജ്ഞാനം ആവശ്യമില്ലാത്ത ജോലികള്‍ ചെയ്യാന്‍, സകാത്തിനെ സംബന്ധിച്ച അറിവ് ഉണ്ടാകണമെന്ന് നിബന്ധനയില്ല.

### 4. ഹൃദയം ഇണക്കപ്പെടേണ്ടവര്‍

ഹൃദയങ്ങള്‍ ഇണക്കപ്പെടേണ്ടവര്‍ രണ്ടു വിഭാഗമാണ്. അമുസ്‌ലിംകളും മുസ്‌ലിംകളും. മുസ്‌ലിംകളല്ലാത്തവരിലും രണ്ട് വിഭാഗങ്ങളുണ്ട്: മനസ്സിണക്കം വഴി ഇസ്‌ലാമാശ്ലേഷിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവരാണൊന്ന്. ഇസ്‌ലാമിക സമൂഹം ആരില്‍നിന്ന് ഉപദ്രവം ഭയപ്പെടുന്നുവോ അവരാണ് മറ്റൊരു വിഭാഗം. എന്നാല്‍ ഭൂരിഭാഗം പണ്ഡിതന്മാരും ഈ വിഭാഗത്തിന്റെ സകാത്ത് വിഹിതം ഇപ്പോള്‍ നിലനില്‍ക്കുന്നില്ലെന്ന വീക്ഷാഗതിക്കാരാണ്. ഇസ്‌ലാമിന്റെ ആദ്യകാലത്ത് ബാധകമായിരുന്ന ഒരു വിധിയാണിതെന്നവര്‍ പറയുന്നു.

ഹൃദയമിണക്കപ്പെടേണ്ടവരില്‍ രണ്ടാമത്തെ വിഭാഗം മുസ്‌ലിംകളാണ്. അവരും രണ്ട് വിഭാഗമുണ്ട്. പുതുമുസ്‌ലിംകളാണൊന്ന്. മുസ്‌ലിംകളല്ലാത്ത ബന്ധുക്കളും സഹകാരികളുമുള്ള മുസ്‌ലിം നേതാക്കളാണ് മറ്റൊന്ന്. ദുര്‍ബല വിശ്വാസികളും എന്നാല്‍ സ്വന്തം ജനതയാല്‍ ആദരിക്കപ്പെടുന്നവരുമായ നേതാക്കന്മാരും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ അതിര്‍ത്തി പ്രദേശങ്ങളില്‍ താമസിക്കുന്നവരുമൊക്കെ ഈ വിഭാഗത്തില്‍

ഉൾപ്പെടുമെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്.

### 5 അടിമ മോചനം

ഉടമകളുമായി വിമോചനകരാറിൽ ഏർപ്പെട്ട അടിമകളും മറ്റു സാക്ഷാൽ അടിമകളും ഇതിന്റെ പരിധിയിൽ വരുന്നു. യജമാനനുമായി മോചനകരാറിൽ ഏർപ്പെട്ട അടിമക്ക് തന്റെ മോചനമൂല്യം സകാത്ത് വിഹിതത്തിൽനിന്ന് നൽകി അവനെ മോചിപ്പിക്കുകയും മറ്റു അടിമകളെ സകാത്ത്ധനം നൽകി വിലയ്ക്കുവാങ്ങി മോചിപ്പിക്കുകയുമാണ് വേണ്ടതെന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു (അബൂഉബൈദ്, *അൽ അംവാൽ*, പേജ് 772,773).

### 6. കടബാധിതർ

സ്വന്തം നിലക്ക് കടബാധ്യതയിൽ അകപ്പെട്ടവരും മറ്റുള്ളവരുടെ ബാധ്യതകൾ ഏറ്റെടുക്കുക മുഖേന കടക്കെണിയിൽ അകപ്പെട്ടവരും ഇതിൽ ഉൾപ്പെടും. വിദ്യാഭ്യാസം, ചികിത്സ, വിവാഹം, ഭവനനിർമാണം തുടങ്ങിയ വിഹിതമായ ഏതെങ്കിലും ആവശ്യങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി കടം വാങ്ങിയവരൊക്കെയും ഈ വകുപ്പിൽ പെടുന്നു. അവരുടെ കടം വീട്ടുന്നതിനാവശ്യമായത്ര സംഖ്യ മാത്രമേ സകാത്തിൽനിന്ന് കൊടുക്കാൻ പാടുള്ളൂ.

### 7. ദൈവമാർഗം

ദൈവിക ദീനിന്റെ വിജയത്തിനായി പോരാടുന്നവരുടെ ജിഹാദാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നാണ് ഭൂരിപക്ഷ പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത്. സർക്കാറിൽനിന്ന് നിശ്ചിത വേതനം സ്വീകരിക്കാത്ത സ്വയം സന്നദ്ധ യോദ്ധാക്കളാണ് ഈ വകുപ്പ് പ്രകാരമുള്ള സകാത്ത് വിഹിതം കൈപ്പറ്റാൻ യോഗ്യതയുള്ളതെന്നും അവർ പറയുന്നു.

ഇസ്‌ലാമിക പ്രബോധനാർഥം സ്ഥാപിക്കപ്പെടുന്ന കേന്ദ്രങ്ങളും അവിടങ്ങളിൽനിന്ന് നിയോഗിക്കപ്പെടുന്ന പ്രബോധകന്മാരുടെ വേതനവുമെല്ലാം 'ഫീ സബീലില്ലാഹി'യിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട് (ഡോ. യൂസുഫുൽ ഖറദാവി-*ഫിഖ്ഹുസ്സകാത്ത്* 2/657).

വിവിധ പ്രദേശങ്ങളിലേക്ക് യോഗ്യരായ ഇസ്‌ലാമിക പണ്ഡിതന്മാരെയും പ്രബോധകരെയും നിയോഗിക്കാൻ വേണ്ട ചെലവുകൾ സകാത്തിന്റെ ഈ വിഹിതത്തിൽനിന്ന് എടുക്കാവുന്നതാണ്. ദീനീവിദ്യാഭ്യാസം നൽകുന്നതിന് സ്ഥാപിക്കപ്പെടുന്ന കലാലയങ്ങളുടെയും പൊതുജനസേവനം നിർവഹിക്കുന്ന സ്ഥാപനങ്ങളുടെയും ചെലവും ഫീസബീലില്ലാഹിയിൽനിന്ന് നിർവഹിക്കാവുന്നതാണ്.

### 8. വഴിയാത്രക്കാർ

അനുവദനീയമായ കാര്യങ്ങൾക്ക് സ്വന്തം നാട്ടിൽനിന്ന് പുറപ്പെട്ട് അന്യദേശത്തെത്തിയ യാത്രക്കാരന് പണം ലഭിക്കാൻ നിവൃത്തിയില്ലാതെ വന്നാൽ, സകാത്തിൽനിന്ന് വിഹിതം നൽകാം. അയാൾ സ്വന്തം നാട്ടിൽ സമ്പന്നനാണെങ്കിലും വിരോധമില്ല. അയാളുടെ താൽക്കാലികമായ ദാരിദ്ര്യാവസ്ഥ പരിഗണിച്ചാണിത്. അയാൾക്ക് ലക്ഷ്യത്തിലെത്താൻ ആവശ്യമായത്ര തുക നൽകാം.

(അവസാനിച്ചു)